"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പത്തനംതിട്ട കൈപ്പട്ടൂർ സെന്റ് ജോർജ്ജ് മൗണ്ട് ഹൈസ്കൂളിലെ എൽ.ജി. ഹിന്ദി അദ്ധ്യാപികയായ ശ്രീമതി. ജോജി.റ്റി.വർഗ്ഗീസ് ന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3193/2026/GEDN തീയതി,തിരുവനന്തപുരം, 11-05-2026

പരാമർശം:-

1. പത്തനംതിട്ട കൈപ്പട്ടൂർ സെന്റ് ജോർജ്ജ് മൗണ്ട് ഹൈസ്കൂൾ മാനേജർ സർക്കാരിലേക്ക് സമർപ്പിച്ച 22/08/2025-ലെ റിവിഷൻ പെറ്റീഷൻ.
2. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/10/2025-ലെ DEOPTA/1873/2025-B6 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/10/2025-ലെ ഇ.റ്റി3/ 20452/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

കൈപ്പട്ടൂർ സെന്റ് ജോർജ്ജ് മൗണ്ട് ഹൈസ്കൂളിൽ എൽ.ജി ഹിന്ദി അദ്ധ്യാപികയായിരുന്ന ശ്രീമതി. റീനാ ജോർജിന്റെ എച്ച്.എസ്.റ്റി ആയി അംഗീകരിച്ച് തസ്തിക സ്ഥാപിതമായ 01.12.2023 മുതൽ ശ്രീമതി. ജോജി.റ്റി വർഗ്ഗീസിനെ എൽ.ജി ഹിന്ദി ടീച്ചർ ആയി അംഗീകരിക്കുവാൻ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട്, മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജി തീർപ്പാക്കുന്നതിലേക്കായി, മാനേജരുടെ പ്രതിനിധിയെയും ബന്ധപ്പെട്ടവരെയും 23.10.2025-ന് പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2. <u>നേരിൽ കേട്ട വേളയിൽ മാനേജരുടെ പ്രതിനിധി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

കൈപ്പട്ടൂർ സെന്റ് ജോർജ് മൗണ്ട് ഹൈസ്കൂളിൽ എൽ.ജി.ഹിന്ദി അദ്ധ്യാപികയായിരുന്ന ശ്രീമതി. റീനാ ജോർജിനെ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.റ്റി (ഹിന്ദി) ആയി നിയമിച്ച ഒഴിവിൽ എൽ.ജി.ഹിന്ദി അദ്ധ്യാപിക നിയമനത്തിന് പൂർണ്ണ യോഗ്യതയുള്ള ശ്രീമതി. ജോജി.റ്റി.വർഗ്ഗീസിനെ 15-07-2021 മുതൽ എൽ.ജി. ഹിന്ദി ടീച്ചർ ആയി നിയമിച്ചു. നിയമനാംഗീകാരത്തിന് പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ആഫീസിൽ സമർപ്പിച്ച പ്രപ്പോസൽ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ നിരസിച്ചു.

i. 2007-2008 വർഷം 12-01-2010-ലെ സ.ഉ.(പി)നം.10/2010/പൊ.വി.വ ഉത്തരവ് പ്രകാരം

അധിക തസ്തികയിൽ നടത്തിയ നിയമനവുമായി ബന്ധപ്പെട്ട് ഒരു സംരക്ഷിതാദ്ധ്യാപകനെ നിയമിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടില്ല.

ii. 01-06-2017 മുതൽ അധിക തസ്തികയിൽ നടത്തിയ നിയമനം സർക്കാർ ഉത്തരവ് 4/2021/പൊ.വി.വ. തീയതി 06-02-2021 ലെ വ്യവസ്ഥ അനുസരിച്ച് തീർപ്പാക്കുവാനാണ് ഉത്തരവായിട്ടുള്ളത്. അതു പ്രകാരവും സംരക്ഷിതാദ്ധ്യാപകർക്കായി തസ്തിക ഒഴിച്ചിടേണ്ടതുണ്ട്.

iii. ശ്രീമതി. റീന ജോർജിന്റെ സ്ഥാനകയറ്റ നിയമനം അംഗീകരിക്കാത്തതിനാൽ ശ്രീമതി.ജോജി.റ്റി.വർഗ്ഗീസിനെ നിയമിച്ച ഒഴിവ് സ്ഥാപിതമായില്ല. ജില്ല വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിനതിരെ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീലിൽ ഒന്നും രണ്ടും തടസവാദങ്ങൾ ഒഴിവാക്കി ശ്രീമതി.റീന ജോർജ്ജിന്റെ സ്ഥാനകയറ്റം അംഗീകരിച്ചില്ല എന്ന തടസ്സവാദം മാത്രം നിലനിർത്തി അപ്പീൽ നിരസിച്ചു. തുടർന്ന് ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷന് സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചു എങ്കിലും ഭിന്നശേഷി സംവരണം നടപ്പാക്കിയശേഷം അപാകതകൾ പരിഹരിച്ച് പ്രപ്പോസൽ ജില്ല വിദ്യാഭ്യാസ ആഫീസർ മുമ്പാകെ പുനഃസമർപ്പിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അപ്രകാരം സമർപ്പിക്കുന്ന പ്രപ്പോസൽ പുനപരിശോധിക്കുവാൻ നിർദ്ദേശം നല്കിയിട്ടില്ല. അതിനാൽ റിവിഷൻ ഹർജി സർക്കാരിന് സമർപ്പിച്ചു. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയിൽ ശ്രീമതി. റീന ജോർജ്ജിന്റെ സ്ഥാനകയറ്റം അംഗീകരിച്ചിട്ടില്ലാത്തതിനാൽ വേക്കൻസി സ്ഥാപിതമായില്ല എന്ന കാരണത്താൽ റിവിഷൻ ഹർജി 12-12-2024-ലെ സ.ഉ (സാധാ)നം.8737/2024/GEDN നമ്പർ ഉത്തരവ് ഉത്തരവ് പ്രകാരം നിരസിച്ചു.

ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ശ്രീമതി. ജോജി റ്റി വർഗ്ഗീസിന്റെ 15-07-2021 മുതൽ ഉള്ള നിയമനം വേക്കൻസി സ്ഥാപിതമായ 01-12-2023 മുതൽ അംഗീകരിക്കുവാൻ നിർദ്ദേശിക്കാവുന്നതാണ്.

i. പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ആഫീസറുടെ 11-08-2025 ലെ B6/815496/2025 നമ്പർ ഉത്തരവ് ഉത്തരവ് പ്രകാരം 15-07-2021 മുതലുള്ള ശ്രീമതി. റീന ജോർജ്ജിന്റെ സ്ഥാനക്കയറ്റ നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ 01-12-2023 മുതൽ അംഗീകരിച്ചു. അതിനാൽ 15-07-2021 മുതലുള്ള ശ്രീമതി.ജോജി.റ്റി.വർഗ്ഗീസിന്റെ എൽ.ജി ഹിന്ദി നിയമനം തസ്തിക സ്ഥാപിതമായ 01-12-2023 മുതൽ അംഗീകരിക്കാവുന്നതാണ്. നിലവിൽ പ്രപ്പോസൽ പുനഃപരിശോധിച്ച് തസ്തിക സ്ഥാപിതമായ തീയതി മുതൽ അംഗീകരിക്കുവാൻ അപ്പലേറ്റ് നിർദ്ദേശം മാത്രം മതി.

ii. 23-01-2023 ലെ G.O.(P)No.2/2023/GEDN പ്രകാരം 12-01-2010-ലെ ഖണ്ഡിക 5 ലെയും 6 ലെയും വ്യവസ്ഥകൾ പാലിക്കാതെ മാനേജർ നിയമനം നടത്തിയിട്ടുള്ള കേസുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ബഹു സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ വിധിക്കു വിധേയമായി നടപ്പാക്കിയാൽ മതിയെന്നും 06-02-2021 ലെ G.O(P)NO.4/2021/G.Edn. ഉത്തരവിലെ നിയമ പ്രകാരം സമ്മതപത്രം നൽകി നിയമനം അംഗീകരിച്ച കേസുകളിലും 2019-20 ന് ശേഷമുള്ള അധിക തസ്തിക ഒഴികെയുള്ള റഗുലർ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരുടെ നിയമനങ്ങൾ മറ്റ്

വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ അംഗീകാരം നൽകുന്നതിന് തടസമില്ല എന്ന് സർക്കാർ തന്നെ വ്യക്തമാക്കി. സുപ്രീംകോടതി വിധി വന്നതിനുശേഷം പ്രസ്തുത വിധിയ്ക്ക് വിധേയമായി മാത്രം ബോണ്ട് അനുസരിച്ച് സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചാൽ മതി എന്നും സർക്കാർ നിർദ്ദേശിച്ചു.

iii. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് 08-11-2021-ന് മുമ്പ് ഉള്ള നിയമനമായതിനാൽ സർക്കാരിന്റെ 01-11-2023-ലെ സർക്കുലർ അനുസരിച്ച് മാനേജർ തയ്യാറാക്കിയ റോസ്റ്ററിൽ അപാകത ഉണ്ടെങ്കിലും റോസ്റ്റർ തയ്യാറാക്കിയിട്ടില്ലെങ്കിലും 08-11-2021-ന് മുമ്പുള്ള ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾ താല്ക്കാലികമായി റഗലർ ശമ്പള സ്കെയിലിൽ അംഗീകരിക്കാവുന്നതാണ്. റോസ്റ്റർ തയ്യാറാക്കി അംഗീകാരത്തിനായി പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ആഫീസിൽ സമന്വയ വഴി സമർപ്പിച്ചിട്ടുണ്ട്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ റോസ്റ്ററിന്റെ കാറ്റഗറി ഒന്നിൽ അതായത് യു.പി.എസ്.റ്റി./ സ്പെഷ്യലിസ്റ്റ്/ ജൂനിയർ ഭാഷാദ്ധ്യാപക വിഭാഗത്തിൽ ഒരാളിന്റെ ബാക്ക് ലോഗ് മാത്രമേ കണ്ടെത്തിയിട്ടുള്ളു. പ്രസ്തുത ബാക്ക് ലോഗ് നികത്തുന്നതിനായി നടപടി സ്വീകരിക്കുകയും ചെയ്തു.

iv. മുകളിൽ വിവരിച്ച കാരണങ്ങളുടെ അടിസ്ഥാനത്തിൽ ഈ റിവ്യൂ ഹർജി അനുവദിച്ച് ശ്രീമതി.റീന ജോർജ്ജിനെ എച്ച്.എസ്.റ്റി. ആയി അംഗീകരിച്ച് തസ്തിക സ്ഥാപിതമായ 01-12-2023 മുതൽ ശ്രീമതി.ജോജി.റ്റി വർഗ്ഗീസിനെ എൽ.ജി.ഹിന്ദി റ്റീച്ചർ ആയി അംഗീകരിക്കുവാൻ പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നല്കണമെന്ന് അപേക്ഷിക്കുന്നു."

3) <u>നേരിൽ കേട്ട വേളയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറും, പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറും ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.</u>

കൈപ്പട്ടൂർ സെന്റ് ജോർജ് മൗണ്ട് ഹൈസ്കൂളിലെ ജൂനിയർ ലാംഗ്വേജ് ഹിന്ദി അധ്യാപിക ശ്രീമതി റീന ജോർജ്-നെ 15/07/2021 പ്രാബല്യത്തിൽ എച്ച്.എസ്.ടി ഹിന്ദി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ടി സ്കൂളിൽ തന്നെ നിയമിച്ച ഒഴിവിലാണ് ശ്രീമതി.ജോജി.റ്റി വർഗീസിന്റെ നിയമനം. നിയമന അംഗീകാരത്തിനുള്ള ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത് യു.പി.എസ്.ടി ശ്രീമതി.റീന ജോർജ്-നെ എച്ച്.എസ്.ടി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ യു.പി.എസ്.ടി തസ്തികയിൽ ശ്രീമതി ജോജി.റ്റി വർഗീസിനെ നിയമിച്ചു എന്നാണ്. നിയമന ഉത്തരവിലും CS സ്റ്റേറ്റ്മെന്റിലും യു.പി.എസ്.ടി ഹിന്ദി തസ്തികയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നിയമന തീയതിയിലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജൂനിയർ ലാംഗ്വേജ് ഹിന്ദി തസ്തിക എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി സ്കൂളിൽ 2007-2008 വർഷം (1) 10/10 (12/01/2010) ഉത്തരവ് പ്രകാരം അധിക തസ്തികയിൽ നടത്തിയ നിയമനവുമായി ബന്ധപ്പെട്ട് ഒരു സംരക്ഷിത അധ്യാപകനെ നിയമിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ 01/06/2017 പ്രാബല്യം മുതൽ അധിക തസ്തികയിൽ നടത്തിയ ഒരു നിയമനം സർക്കാർ ഉത്തരവ് 04/2021/പൊവിവ തീയതി 06/02/2021-ലെ വ്യവസ്ഥകൾക്കനുസരിച്ച് തീർപ്പാക്കാൻ ഉത്തരവായിട്ടുണ്ട്. അപ്രകാരം മേൽ സൂചിപ്പിച്ച നിയമനത്തിന് അംഗീകാരം നൽകുമ്പോൾ വീണ്ടും ഒരു തസ്തിക സംരക്ഷിത ജീവനക്കാർക്കായി മാറ്റി വെയ്ക്കേണ്ടതായും വരുന്നു. ആയതിനാൽ അധികതസ്തികയിൽ നടത്തിയ നിയമനത്തിന് തത്തുല്യമായ എണ്ണം ഒഴിവുകളിൽ സംരക്ഷിത

അധ്യാപകരെ നിയമിക്കാത്തിടത്തോളം നിലവിലുള്ള ഉത്തരവുകൾ പ്രകാരം 2020-2021 മുതൽ ടി സ്കൂളിൽ നടത്തിയ പുതിയ നിയമനങ്ങൾക്ക് അംഗീകാരം നല്കാൻ സാധിക്കാത്തതിനാലും എൽ.ജി. ഹിന്ദി തസ്തിക ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ലാത്തതിനാലും ഉത്തരവ് നമ്പർ B6/25458/2021 തീയതി 15/09/2021 പ്രകാരം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിയമനം നിരസിച്ചിരുന്നു. ടി സ്കൂളിൽ എച്ച്.എസ്.ടി ഹിന്ദി അധ്യാപികയായിരുന്ന ശ്രീമതി ആർ.മീനാകുമാരി 31/03/2021-ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിലാണ് മാനേജർ ശ്രീമതി റീന ജോർജിനെ 15/07/2021 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ളത്. ശ്രീമതി റീന ജോർജ് 04/06/12 മുതൽ ടി സ്കൂളിൽ എൽ.ജി ഹിന്ദി തസ്തികയിൽ അംഗീകൃത സേവനം അനുഷ്ഠിച്ചു വരികയാണ്. ആയതിനാൽ ഹൈസ്കൂൾ വിഭാഗം ഹിന്ദി തസ്തികയിലെ ചട്ടം 43 അവകാശിയാണ്. പ്രസ്തുത തസ്തികയിലേക്ക് ടിയാളെക്കാൾ സീനിയർ ആയ ചട്ടം 43 അവകാശികൾ ആരും തന്നെ ഇല്ല. 2019-2020 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം ടി സ്കൂളിൽ 2 എച്ച്.എസ്.ടി ഹിന്ദി തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. അതിൽ ഒരു തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ആർ.മീനാകുമാരിയുടെ വിരമിക്കൽ ഒഴിവിലാണ് നിയമനം. അതിനാൽ തസ്തിക ഒഴിവ് വ്യവസ്ഥാപിതമാണ്. നിയമന അപേക്ഷയോടൊപ്പം തന്നിരിക്കുന്ന രേഖകൾ പരിശോധിച്ചതിൽ നിന്നും സേവനപുസ്തകത്തിന്റെ പകർപ്പ് പരിശോധിച്ചതിലും ടിയാൾക്ക് കെ-ടെറ്റ് യോഗ്യത ഉള്ളതായി കാണുന്നില്ല. ടിയാളുടെ തുടർച്ചയായ സേവനം ആരംഭിക്കുന്നത് 04/06/2012 മുതലാണ് പൊതുവിദ്യാഭ്യാസ വകുപ്പ് സർക്കുലർ 1866829/J3/17 തീയതി 09/03/18 പൊതുവിദ്യാഭ്യാസ വകുപ്പ് സർക്കുലർ 1866829/J3/18 തീയതി 18/06/18 എന്നിവ പ്രകാരം 31/03/2012-നു മുൻപ് സേവനത്തിൽ പ്രവേശിച്ച അധ്യാപകരെയും അനധ്യാപകരെയും മാത്രമേ നിയമാനുസൃത പ്രൊമോഷന് കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നമ്പർ B6/25157/2021 തീയതി 29/12/2021 പ്രകാരം ശ്രീമതി.റീന ജോർജ്ജിന്റെ നിയമന പ്രൊപ്പോസൽ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചിരുന്നു. ഇതിനെതിരെ മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്കു അപ്പീൽ നൽകിയിരുന്നെങ്കിലും മേൽ കാരണത്താൽ ഉത്തരവ് നമ്പർ B4/216875/2022 തീയതി 27/08/2022 പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ അപ്പീൽ നിരസിച്ചിരുന്നു. ഇതിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു നൽകിയ അപ്പീൽ മേൽ കാരണത്താൽ ഉത്തരവ് നമ്പർ ET3/238326/2022 തീയതി.21/04/2023 പ്രകാരം നിരസിക്കപ്പെട്ടിരുന്നു. ഇതിനെതിരെ മാനേജർ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നെങ്കിലും സർക്കാർ ഉത്തരവ് (സാധാ) നം.8737/2024/GEDN തീയതി 12.12.2024 പ്രകാരം തസ്തിക ഒഴിവ് വ്യവസ്ഥാപിതമല്ലാത്തതിനാൽ റിവിഷൻ ഹർജിയും നിരസിച്ചുത്തരവായിരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് സർക്കുലർ 1866829/J3/17 തീയതി 09/03/18 പൊതുവിദ്യാഭ്യാസ വകുപ്പ് സർക്കുലർ 1866829/J3/18 തീയതി 18/06/18 എന്നിവ പ്രകാരം 31/03/2012-നു മുൻപ് സേവനത്തിൽ പ്രവേശിച്ച അധ്യാപകരെയും അനധ്യാപകരെയും മാത്രമേ നിയമാനുസൃത പ്രൊമോഷന് കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ. ടിയാൾ എൽ.ജി ഹിന്ദിക്ക് ആവശ്യമായ കെ-ടെറ്റ് കാറ്റഗറി-IV പാസായിരുന്നില്ല. 17/02/2023 ലെ 15/2023/പൊ.വി.വ ഉത്തരവ് പ്രകാരം 2019-20 വരെ പ്രവേശിച്ച അധ്യാപകർക്ക് 2023 ആഗസ്റ്റ് വരെ ഇളവ് അനുവദിച്ചിരുന്നു. കെ-ടെറ്റ് കാറ്റഗറി-III പാസായതിനാൽ സർക്കാർ ഉത്തരവ് 109/2022/പൊ.വി.വ തീയതി 24/06/2022 പ്രകാരം എൽ.ജി ഹിന്ദിക്ക് ആയതു പരിഗണിക്കാവുന്നതാണ്. ശ്രീമതി റീന ജോർജ്ജിന്റെ എച്ച്.എസ്.ടി ഹിന്ദി തസ്തികയിലെ പ്രൊമോഷൻ നിയമനവുമായി ബന്ധപ്പെട്ട് മാനേജർ സർക്കാരിൽ റിവിഷൻ

ഹർജി നൽകുകയും, സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് തേടുകയും ശ്രീമതി.റീനാ ജോർജ്ജ് കെ-ടെറ്റ് യോഗ്യത നേടിയ തീയതിമുതൽ മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടി നിയമനം അംഗീകരിച്ച് നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെ-ടെറ്റ് യോഗ്യത നേടിയ 01.12.2023 പ്രാബല്യം മുതൽ ശ്രീമതി.റീനാ ജോർജ്ജിനെ ഹൈസ്കൂൾ വിഭാഗം ഹിന്ദി അധ്യാപികയായി നിയമിക്കുകയും നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ ഉത്തരവ് നമ്പർ B6/815496/2025 തീയതി 11/08/2025 പ്രകാരം അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി റീനാ ജോർജ്ജിന്റെ പ്രമോഷൻ നൽകിയ തീയതിയായ 01.12.2023 തീയതി മുതൽ തസ്തിക ഒഴിവ് വ്യവസ്ഥാപിതമായിട്ടുണ്ട്. ടി തീയതി മുതൽ ശ്രീമതി ജോജി.ടി.വർഗീസിന്റെ എൽ.ജി ഹിന്ദി തസ്തികയിലെ നിയമനം നിലവിലുള്ള ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകാവുന്നതാണ്.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി.റീനാ ജോർജ്ജിന്റെ പ്രമോഷൻ നൽകിയ തീയതിയായ 01.12.2023 തീയതി മുതൽ തസ്തിക ഒഴിവ് വ്യവസ്ഥാപിതമായിട്ടുണ്ട് എന്നതിനാൽ ടി തീയതി മുതൽ ശ്രീമതി ജോജി.റ്റി.വർഗീസിന്റെ എൽ.ജി ഹിന്ദി തസ്തികയിലെ നിയമനം പൂർണ്ണയോഗ്യതയുള്ള പക്ഷവും മറ്റ് വിധത്തിൽ ക്രമപ്രകാരവുമെങ്കിൽ നിലവിലുള്ള ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകുന്ന വിഷയം പരിഗണിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിക്കൊണ്ടും പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ജെ ശാലിനി
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട
മാനേജർ, സെന്റ് ജോർജ്ജ് മൗണ്ട് ഹൈസ്കൂൾ, കൈപ്പട്ടൂർ, പത്തനംതിട്ട - 689 648
ശ്രീമതി. ജോജി.റ്റി.വർഗ്ഗീസ്, എൽ.ജി. ഹിന്ദി ടീച്ചർ, സെന്റ് ജോർജ്ജ് മൗണ്ട് ഹൈസ്കൂൾ, കൈപ്പട്ടൂർ, പത്തനംതിട്ട - 689 648
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 11-05-2026 12:49:20

സെക്ഷൻ ഓഫീസർ